**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 223** **10-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ ഘടക പദ്ധതികളുടെ തുക ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പദ്ധതി അടങ്കലിൽനിന്ന് ജനസംഖ്യാനുപാതികമായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഘടക പദ്ധതിക്ക് നിശ്ചിത വിഹിതം അനുവദിച്ചിട്ടുണ്ടോ; എന്നുമുതലാണ് ഇത് നടപ്പിലാക്കി തുടങ്ങിയതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ പദ്ധതി അടങ്കലിൽനിന്ന് ജനസംഖ്യാനുപാതികമായി പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഘടക പദ്ധതിക്ക് നിശ്ചിത വിഹിതം അനുവദിച്ചിട്ടുണ്ട്. 2011 ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ പട്ടികജാതി ജനസംഖ്യ 30,39,573 ആണ്. ഇത് മൊത്തം ജനസംഖ്യയുടെ 9.1% ആണ്. സംസ്ഥാന ബഡ്ജറ്റിൽ പട്ടികജാതി വിഭാഗങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിന്റെ 9.81% വകയിരുത്തി വരുന്നുണ്ട്. പ്രത്യേക ഘടകപദ്ധതി അവതരിപ്പിക്കാനുള്ള ആദ്യ ശ്രമം 1978-79 വാർഷിക പദ്ധതി കാലഘട്ടത്തിലാണ് ആരംഭിച്ചത്. ആറാം പഞ്ചവത്സര പദ്ധതിയിലാണ് (1980-85) പ്രത്യേക ഘടകപദ്ധതി എന്ന ആശയം അവതരിപ്പിച്ചത്.<br><br>2011 സെൻസസ് പ്രകാരം 1.45% പട്ടികവർഗ്ഗ ജനസംഖ്യയാണ് സംസ്ഥാനത്തുള്ളത്. പദ്ധതി അടങ്കൽ വിഹിതം ജനസംഖ്യാനുപാതികമായിട്ടാണ് വകയിരുത്തി വരുന്നത്. സംസ്ഥാനത്തെ പദ്ധതി അടങ്കലിന്റെ 2.83 ശതമാനം തുകയാണ് ട്രൈബൽ സബ് പ്ലാൻ (TSP) വിഹിതമായി നിലവിൽ വകയിരുത്തിയിരിക്കുന്നത് . 2014-15 സാമ്പത്തിക വർഷം മുതലാണ് ടി.എസ് .പി. വിഹിതം 2 ശതമാനത്തിൽ നിന്നും 2.83 ശതമാനമായി വർദ്ധിപ്പിച്ചത് . |
| (ബി) | 2022-23, 2023-24, 2024-25 വർഷങ്ങളിൽ പദ്ധതി അടങ്കൽ തുക വർധിപ്പിക്കാത്തത് കാരണം എസ്.സി.പി., ടി.എസ്.പി. ഫണ്ട് വർദ്ധിക്കാത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി) ആസൂത്രണ പ്രക്രിയയിൽ സംസ്ഥാന സർക്കാർ പട്ടികജാതി ജനസംഖ്യയ്ക്ക് ആനുപാതികമായി ഫണ്ട് വകയിരുത്തുന്നു. 2011 ലെ സെൻസസ് പ്രകാരം, മൊത്തം ജനസംഖ്യയുടെ 9.10% വരുന്ന പട്ടികജാതി വിഭാഗത്തിന് മൊത്തം അടങ്കലിന്റെ 9.81% നീക്കിവച്ചിരിക്കുന്നു. ഇത് പട്ടികജാതി ജനസംഖ്യയുടെ ശതമാനത്തേക്കാൾ കൂടുതലാണ്. 2022-23, 2023-24, 2024-25 വർഷങ്ങളിൽ അനുവദിച്ച തുക ചുവടെ ചേർക്കുന്നു:- |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>വർഷം</td><td>സംസ്ഥാന പദ്ധതി വിഹിതം (കോടി)</td><td>SCP വിഹിതം (കോടി)</td><td>%</td></tr>
<tr><td>2022-23</td><td>30370.00</td><td>2979.40</td><td>9.81</td></tr>
<tr><td>2023-24</td><td>30370.00</td><td>2979.40</td><td>9.81</td></tr>
<tr><td>2024-25</td><td>30370.00</td><td>2979.40</td><td>9.81</td></tr>
</table>
വർഷങ്ങളായി ജനസംഖ്യാനുപാതികമായി മതിയായ തുക അനുവദിച്ചു വരുന്നുണ്ട്. ആയതിനാൽ പട്ടികജാതി വിഭാഗങ്ങൾക്കുള്ള അർഹമായ വിഹിതം ലഭിക്കാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.
കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംസ്ഥാന പദ്ധതി അടങ്കൽ തുകയിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. ആയതു പ്രകാരം പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതവും വർദ്ധിപ്പിച്ചിട്ടില്ല. ലഭ്യമായുള്ള ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് . എന്നാൽ കഴിഞ്ഞ മൂന്ന് വർഷത്തെ അപേക്ഷിച്ച് 2025-26 വർഷത്തിൽ ട്രൈബൽ സബ് പ്ലാൻ (TSP) വിഹിതത്തിൽ 6.23 % തുക വർദ്ധിപ്പിച്ചിട്ടുണ്ട് .
</td>
</tr>
<tr>
<td>(സി)</td>
<td>പ്രസ്തുത സാഹചര്യത്തിൽ ജനസംഖ്യാടിസ്ഥാനത്തിൽ പദ്ധതി വിഹിതം നീക്കിവയ്ക്കുന്നതിനു പുറമെ എസ്.സി.പി., ടി.എസ്.പി. തുകകളിൽ നിശ്ചിത ശതമാനം വർദ്ധനവ് വരുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?</td>
<td>(സി)</td>
<td>
എല്ലാ വർഷവും സംസ്ഥാന സർക്കാർ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ഒരു ഭാഗം പട്ടികജാതി ഉപപദ്ധതി (SCSP) ഫണ്ടായി നീക്കിവയ്ക്കുന്നു. ഈ വിഹിതത്തിന്റെ 55 ശതമാനത്തോളം പട്ടികജാതി വികസന വകുപ്പിനും 45 ശതമാനം വികേന്ദ്രീകൃത ആസൂത്രണത്തിന് കീഴിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി പ്രാദേശിക സർക്കാരുകൾക്കും നീക്കി വച്ചിരിക്കുന്നു.
2025 -26 വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സംസ്ഥാന പദ്ധതി അടങ്കലിൽ വർദ്ധനവ് വന്നിട്ടുള്ള സാഹചര്യത്തിൽ ട്രൈബൽ സബ് പ്ലാൻ (ടി .എസ് .പി) വിഹിതത്തിൽ 6.23% തുക വർദ്ധിപ്പിച്ചിട്ടുണ്ട് . പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന പ്രദേശങ്ങളിലെ പിന്നാക്കാവസ്ഥ പരിഗണിച്ച് പുതിയ പദ്ധതികൾ ഉൾപ്പെടെ വിവിധ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് .
ജനസംഖ്യാടിസ്ഥാനത്തിൽ പദ്ധതി വിഹിതം നീക്കിവയ്ക്കുന്നതിനു പുറമെ എസ് .സി.പി., ടി .എസ് .പി തുകകളിൽ നിശ്ചിത ശതമാനം വർദ്ധന വരുത്തുന്നത് കാലാകാലങ്ങളിലെ ആവശ്യകത അനുസരിച്ചാണ് .
</td>
</tr>
</table>

സെക്ഷൻ ഓഫീസർ